പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 46 — 10.06.2013-ൽ മറുപടിക്ക്.

## ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | : | (എ) ചാലക്കുടിയിലെ കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിനുവേണ്ട ഭരണാനുമതിയ്ക്കായി, 2012-ലെ പുതുക്കിയ എസ്.ഒ.ആർ-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ഹൈക്കോടതി രജിസ്ട്രാറോടാവശ്യപ്പെട്ടിരിക്കുകയാണ്. രജിസ്ട്രാറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ചാലക്കുടിയിൽ എം.എ.സി.റ്റി. കോടതി, സബ്ബ്കോടതി എന്നിവ അനുവദിയ്ക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | : | (ബി) എം.എ.സി.റ്റി. അനുവദിക്കുന്നതിനു വേണ്ടി അംഗീകരിച്ച മുൻഗണനാ പട്ടികയിൽ തൃശ്ശൂർ ജില്ലയെ നാലാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ചാലക്കുടിയിലാണ് എം.എ.സി.റ്റി. സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ചാലക്കുടിയിൽ സബ്ബ്കോടതി അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. എം.എ.സി.റ്റി. കോടതികൾ മുൻഗണനാക്രമത്തിൽ സ്ഥാപിക്കുന്നതിന് ഹൈക്കോടതിയിൽ നിന്നും ലഭിച്ച വിശദമായ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ